# രാഷ്ട്രീയലേഖനങ്ങൾ

എം. എൻ. കാരശ്ശേരി



രാഷ്ട്രീയലേഖനങ്ങൾ

എം. എൻ. കാരശ്ശേരി
(മലയാളം: ഹാസ്യലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Two Small Boys Singing, a painting by Anonymous. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# രാഷ്ട്രീയലേഖനങ്ങൾ

വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവചരിത്രത്തിലെ പ്രധാനപ്പെട്ട ഒരംശമാണ് രാഷ്ട്രീയം. രാഷ്ട്രീയത്തിൽ പ്രവർത്തിച്ചുകൊണ്ടാണ് അദ്ദേഹം 'ജീവിതം' ആരംഭിക്കുന്നത്. മറ്റെന്തെങ്കിലും ആകുന്നതിനുമുമ്പേ അദ്ദേഹം രാഷ്ട്രീയക്കാരനായിരുന്നു. വിദ്യാർഥിജീവിതകാലത്തുതന്നെ അതാരംഭിച്ചു. നമ്മൾ ഇന്നറിയുന്ന അദ്ദേഹത്തിന്റെ 'വൈക്കം മുഹമ്മദ് ബഷീർ' എന്ന പേര് തന്നെയും യൗവനകാലത്ത് ബ്രിട്ടീഷുകാർക്കെതിരെയും നാട്ടുരാജാക്കന്മാർക്കെതിരെയും രാഷ്ട്രീയലഘുലേഖകൾ എഴുതുന്നതിനു സ്വീകരിച്ച തൂലികാനാമമാണ്. അദ്ദേഹത്തിന്റെ ശരിയായ പേര്: കൊച്ചു മുഹമ്മദ്.


ഇ. വി. രാമസ്വാമി നായ്ക്കർ

ബഷീറിന്ന് 16 വയസ്സുള്ള കാലത്ത്, ജന്മദേശത്ത് നടന്ന ഒരു സമരമാണ് ആ വിദ്യാർഥിയുടെ ഉള്ളിലെ രാഷ്ട്രീയബോധത്തിന് തിരികൊളുത്തിയത്. വൈക്കം ക്ഷേത്രത്തിനു മുന്നിലെ വഴിയിലൂടെ അയിത്ത ജാതിക്കാർക്കു വഴി നടക്കാനുള്ള സ്വാതന്ത്ര്യം നേടുന്നതിനുവേണ്ടി നടന്ന ആ സമരം 'വൈക്കം സത്യാഗ്രഹം' (1924–25) എന്ന പേരിൽ പില്ക്കാലത്ത് ചരിത്രപ്രസിദ്ധമായിത്തീർന്നു. ദ്രാവിഡാഭിമാനത്തിനുവേണ്ടി പോരാടിയിരുന്ന ഇ. വി. രാമസ്വാമി നായ്ക്കർ (1879–1973), അയിത്ത ജാതിക്കാർക്കുവേണ്ടി ഒരു പ്രസ്ഥാനം കൊണ്ടുനടന്നിരുന്ന ശ്രീനാരായണഗുരു (1855–1928) തുടങ്ങിയ ദക്ഷിണേന്ത്യയിലെ പ്രമുഖ വ്യക്തികൾ പലരും പങ്കെടുത്തിരുന്ന ആ സമരത്തിന്റെ മുന്നണിപ്പോരാളികൾ ശ്രീനാരായണധർമ്മപരിപാലനസംഘം സെക്രട്ടറി ടി. കെ. മാധവനും (1885–1930) കേരളത്തിലെ കോൺഗ്രസ്സിന്റെ പ്രമുഖനേതാവ് കെ. പി. കേശവമേനോനും (1886–1978) ആയിരുന്നു.


കെ. പി. കേശവമേനോൻ

ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ജന്മനാടിന്റെ വിളികേട്ട് ആ വിദ്യാർത്ഥിയുടെ ഉള്ളുണർന്നു. അതോടെ ഖദർ വസ്ത്രധാരിയായിത്തീർന്നു. ഏറെ ച്ചെല്ലും മുമ്പ് പഠിപ്പുപേക്ഷിച്ച് കോഴിക്കോട്ടെത്തി. തന്റെ നാട്ടുകാരനും സ്വാതന്ത്ര്യസമരപ്പോരാളിയുമായ വൈക്കം സെയ്ദുമുഹമ്മദ് (1900–1961) കോഴിക്കോട്ടുണ്ട് എന്ന വിചാരമാണ് അങ്ങോട്ട് പോവാൻ പ്രേരകമായത്. അന്നത്തെ മലബാറിലെ പ്രമുഖ സ്വാതന്ത്ര്യസമരനേതാവ് മുഹമ്മദ് അബ്ദുറഹിമാനെ (1898–1945) ചെന്നുകണ്ടു. സെയ്ദുമുഹമ്മദിനെ കാണാൻ പറ്റിയില്ല. അദ്ദേഹം ജയിലിലായിരുന്നു. അബ്ദുറഹിമാനും ഇ. മൊയ്തുമൗലവി(1885–1994)യും മറ്റും താമസിക്കുന്ന അൽഅമീൻ ലോഡ്ജിൽ താമസിച്ചു. ഉടനെ കോൺഗ്രസ്സിൽ ചേർന്ന് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിലിലായി.


മുഹമ്മദ് അബ്ദുറഹിമാൻ

ജയിലിലെ മർദ്ദനം ഭീകരമായിരുന്നു. ശത്രുസംഹാരത്തിനിറങ്ങിത്തിരിച്ച ഭഗത്സിംഗിന്റെ വഴിയാണ് ശരി എന്ന് ബോധ്യമായി. മർദ്ദിച്ച പോലീസുകാരനെ കൊല്ലാനുള്ള ഒരുക്കത്തിൽ നിന്ന് ഒരു സഹപ്രവർത്തകനാണ് ബഷീറിനെ പിന്തിരിപ്പിച്ചത്. നാട്ടിൽ മടങ്ങിയെത്തിയ ബഷീർ മാസങ്ങൾക്കകം കൊച്ചിയിലെത്തി. അവിടെ പ്രവർത്തിക്കാൻ കാരണം തിരുവിതാംകൂർ പ്രജയായ ബഷീറിനെ കൊച്ചി രാജ്യത്ത് വെച്ച് അറസ്റ്റ് ചെയ്യില്ല എന്നതായിരുന്നു.


ഭഗത്സിംഗ്

ഏറെ വൈകാതെ യുവാക്കളെയും വിദ്യാർഥികളെയും സംഘടിപ്പിച്ച് 'വാനരസേന' എന്നു പേരായ ഒരു ഭീകരസംഘം രൂപീകരിച്ചു. ഹാഫ്ട്രൗസറും തൊപ്പിയും മീശയും ഷൂസും ആയി ഭഗത്സിംഗ് വേഷത്തിലായിരുന്നു നടപ്പ്. പില്ക്കാലത്ത് എഴുത്തുകാരനായി പേരെടുത്ത പോഞ്ഞിക്കര റാഫി സംഘത്തിൽ അംഗമായിരുന്നു. സംഘത്തിന്റെ പ്രവർത്തനങ്ങളും 'പ്രഭ' മുതലായ തൂലികാനാമങ്ങളിൽ ബഷീർ 'ഉജ്ജീവന'ത്തിലും മറ്റും എഴുതിവന്ന ലേഖനങ്ങളും പോലീസിന് തലവേദനയായി. 'ഉജ്ജീവനം' കണ്ടുകെട്ടി. ആയിടെ ഭീകരവാദികൾ എറണാകുളത്ത് പോസ്റ്റാപ്പീസിന് തീവെച്ചു. ബഷീറിനെതിരെ അറസ്റ്റുവാറണ്ട് പുറപ്പെടുവിച്ചു. പിടികൊടുക്കാതിരിക്കാൻ ബഷീർ നാടുവിട്ടു.




നാട്ടിൽ മടങ്ങിയെത്തിയ ശേഷം എഴുത്തുകാരനായിത്തീർന്ന ബഷീർ വിദേശക്കോയ്മയെയും രാജാധിപത്യത്തെയും വിമർശിച്ചും പരിഹസിച്ചും ലേഖനങ്ങൾ എഴുതുന്നത് പതിവാക്കി. ഈ രാഷ്ട്രീയലേഖനങ്ങളിലൂടെയും ലഘുലേഖകളിലൂടെയുമാണ് ബഷീറിലെ എഴുത്തുകാരൻ വളരുന്നത്. നാട്ടുകാരുടെ സ്വാതന്ത്ര്യദാഹത്തെയും നീതിബോധത്തെയും ജ്വലിപ്പിക്കുന്ന മട്ടിൽ വികാരതീവ്രത മുറ്റിയവയാണ് ഈ ലേഖനങ്ങൾ. തിരുവിതാംകൂറിലെ ഭരണത്തെ വിമർശിച്ചുകൊണ്ട് എഴുതിയ 'ഹതഭാഗ്യയായ എന്റെ നാട്' എന്ന ലേഖനം എറണാകുളത്ത് നിന്നു പുറപ്പെട്ടിരുന്ന 'ദീപ'ത്തിൽ പ്രസിദ്ധീകരിച്ചത് അറസ്റ്റുവാറണ്ടിനും ഒളിവിൽ പോക്കിനുമൊക്കെ കാരണമായി. ഈ ലേഖനമാണ് ബഷീറിന്റെ ആദ്യത്തെ പുസ്തകമായി പുറപ്പെട്ട ധർമ്മരാജ്യം (1938). ഇത് നിരോധിക്കപ്പെട്ടു. ഇത്തരം രചനകളാണ് രാജ്യദ്രോഹകുറ്റത്തിന്റെ പേരിൽ രണ്ടരക്കൊല്ലത്തെ തടവുശിക്ഷയുമായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ എത്തിപ്പെടാൻ കാരണം. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ നേതാവായിരുന്ന പട്ടം താണുപ്പിള്ളയെ പരിഹസിച്ച് 'പട്ടത്തിന്റെ പേക്കിനാവ്' എന്ന ഏകാങ്കനാടകം, സ്വാതന്ത്ര്യസമരപ്രവർത്തകരെ വീരനായകരാക്കി എഴുതിയ 'ഭാരതമാതാ' എന്ന ചെറുകഥ തുടങ്ങിയ രചനകളിലും കത്തിനില്ക്കുന്നത് ഈ രാഷ്ട്രീയം തന്നെയാണ്. പി. കൃഷ്ണപിള്ള (1906–1948), കെ. സി. ജോർജ്ജ് (1903–1986), കെ. ദാമോദരൻ (1912–1976), ടി. വി. തോമസ് (1910–1977), എം. എൻ. ഗോവിന്ദൻനായർ (1910–1984) തുടങ്ങിയ കമ്യൂണിസ്റ്റുനേതാക്കൾ എറണാകുളത്ത് താമസിക്കുന്ന കാലത്ത് അടുത്ത സുഹൃത്തുക്കളായിരുന്നു.


കെ. സി. ജോർജ്ജ്

സ്വാതന്ത്ര്യലാഭത്തോടെ കോൺഗ്രസ് ബന്ധവും ഖദറും ഉപേക്ഷിച്ചു. മതേതരത്വം, ജനാധിപത്യം, ദേശീയത തുടങ്ങിയ മൂല്യങ്ങളിൽ വിശ്വാസമുള്ളവനെങ്കിലും രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്ന് അകന്നുനിന്ന് എഴുത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ഒരാളായിട്ടാണ് പില്ക്കാലബഷീറിനെ കാണുന്നത്. എഴുത്തിൽ എന്നും അദ്ദേഹം അധഃസ്ഥിതരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ദരിദ്രരുടെയും ചൂഷിതരുടെയും കൂടെ നിന്നു. കക്ഷിരാഷ്ട്രീയത്തെ കവിഞ്ഞു നിൽക്കുന്ന ഒരു 'രാഷ്ട്രീയം' ആ സാഹിത്യത്തിലുണ്ട്.


കെ. ദാമോദരൻ

ബഷീറിന്റെ കമ്യൂണിസ്റ്റുബന്ധം ചർച്ച ചെയ്യേണ്ട ഒന്നാണ്. മതത്തിന്റെ അനുഷ്ഠാനങ്ങളും ആചാരങ്ങളും ഒന്നും ഇല്ലായിരുന്നുവെങ്കിലും അദ്ദേഹം ദൈവവിശ്വാസിയായിരുന്നു. കേരളത്തിൽ പ്രവർത്തനമാരംഭിച്ച കാലത്ത് കമ്യൂണിസ്റ്റുപാർട്ടി പ്രകടിപ്പിച്ച മതവിരോധത്തോട് ബഷീറിന്ന് അകലം തോന്നിയിരിക്കണം. അക്കാലത്ത് കമ്യൂണിസ്റ്റുപാർട്ടികൾ ഏർപ്പെട്ടിരുന്ന ജാതിവിരുദ്ധസമരത്തിലും ഫ്യൂഡൽ വിരുദ്ധസമരത്തിലും അങ്ങിങ്ങായിക്കണ്ട ചില്ലറ അക്രമങ്ങളെപ്പറ്റി ഒരിടയ്ക്ക് ഭീകരവാദിയായിരുന്ന ബഷീറിന്ന് അത്ര വലിയ എതിർപ്പ് തോന്നിയിരിക്കാനിടയില്ല. ആ കക്ഷിക്കകത്ത് വ്യക്തിസ്വാതന്ത്ര്യത്തിന് അനുഭവപ്പെട്ടിരുന്ന വീർപ്പുമുട്ടലിനെപ്പറ്റിയും 1942-ലെ ക്വിറ്റ് ഇന്ത്യാസമരകാലത്ത് കമ്യൂണിസ്റ്റ് പാർട്ടി ബ്രിട്ടീഷ് സർക്കാറിന്ന് നൽകിയ പിന്തുണയെപ്പറ്റിയും സ്വാതന്ത്ര്യവാദിയായ ബഷീർ എതിർപ്പ് വിചാരിക്കാനേ വഴിയുള്ളൂ. ദരിദ്രരോടും തൊഴിലാളികളോടും കമ്യൂണിസ്റ്റ് പാർട്ടി കാണിച്ചപ്രതിബദ്ധത അദ്ദേഹത്തിന്റെ അനുഭാവം നേടിയിരിക്കണം.


ടി. വി. തോമസ്

ഈ തരത്തിൽ വൈരുദ്ധ്യം നിറഞ്ഞ സവിശേഷമായൊരു ബന്ധമാണ് കമ്യൂണിസത്തോട് ബഷീറിന്ന് ഉണ്ടായിരുന്നത്. ഇക്കൂട്ടത്തിൽ ശ്രദ്ധേയമായൊരു വസ്തുതയാണ് 1937 മാർച്ച് 16-ന് പ്രസിദ്ധീകരിച്ച ബഷീറിന്റെ 'കാറൽമാർക്സ്' എന്ന ലേഖനം (ജീവിതം ഒരനുഗ്രഹം; 2001: പു. 44–9) മാർക്സിന്റെ ജീവചരിത്രം ചുരുക്കിപ്പറയുന്ന ഈ ലേഖനം ആ വ്യക്തിമഹത്വം ഉയർത്തിപ്പിടിക്കുന്നു; ലോകത്തെങ്ങുമുള്ള പാവപ്പെട്ട മനുഷ്യജീവികളോട് അദ്ദേഹം കാണിച്ച അലിവിനെ അടയാളപ്പെടുത്തുന്നു. കമ്യൂണിസത്തിന്റെ ശരിതെറ്റുകളെ സംബന്ധിച്ച താത്വികചർച്ചകളൊന്നും ലേഖനത്തിലില്ല.


എം. എൻ. ഗോവിന്ദൻനായർ

സാഹിത്യത്തിൽ മാത്രമായി ശ്രദ്ധ ഊന്നിയപ്പോൾ അക്കാലത്തെ മലയാളത്തിലെ പതിവനുസരിച്ച് മുതലാളിവിരുദ്ധരും തൊഴിലാളി നേതാക്കളുമായ കമ്മ്യൂണിസ്റ്റ് പ്രവർത്തകരെ മാതൃകാനായകന്മാരാക്കി എഴുതുന്ന പതിവിൽ നിന്ന് ബഷീർ വിട്ടുനിന്നു. സ്വാതന്ത്ര്യസമരകാലത്തെപ്പറ്റി എഴുതിയ ചെറുകഥകളിൽ മാത്രമേ ബഷീർസാഹിത്യത്തിൽ വീരനായകരെ കാണൂ.

യൗവനം അപകടകരമായി ജീവിച്ചുതീർത്ത ബഷീർ ഗാന്ധിജിയിലും ഭഗത്സിംഗിലും കാറൽ മാർക്സിലും ഒരേ ആധിയോടെ ചെന്നെത്തി എന്നത് ആ ചരിത്രസന്ധിയുടെ സവിശേഷതകളെയും എഴുത്തുകാരന്റെ അന്വേഷണങ്ങളുടെ ആത്മാർത്ഥതയെയും രേഖപ്പെടുത്തുന്നുണ്ട്.

ബഷീറിന്റെ ജീവിതത്തിലും സാഹിത്യത്തിലും ഗാന്ധിജി വലിയൊരു സാന്നിദ്ധ്യമാണ്. ജീവിതസായാഹ്നത്തിൽ 'ഗാന്ധിജി' എന്ന പേരിൽ എഴുതിയ ലേഖനം അവസാനിക്കുന്നു:

"ഞാൻ മനുഷ്യനായ ഗാന്ധിജിയെ മാത്രമേ അറിയൂ. അദ്ദേഹം എഴുപത്തൊമ്പതുകൊല്ലം ഈ ലോകത്തിൽ ജീവിച്ചു. ഞാൻ അദ്ദേഹത്തിന്റെ ഒരു അനുയായി എന്നുള്ള നിലയ്ക്കാണ് ജീവിതം ആരംഭിച്ചത്. അദ്ദേഹം എഴുതിയിട്ടുള്ള മിക്കതും ഞാൻ വായിച്ചിട്ടുണ്ട്. പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്. കണ്ടിട്ടും തൊട്ടിട്ടുമുണ്ട്. നിങ്ങൾ പറയുന്നതുപോലെ ഗാന്ധിജി ഇന്ത്യയല്ല, ആരും ഇന്ത്യയല്ല. എന്നാൽ, ഗാന്ധിജി ഇന്ത്യയുടെ ഒരു കാലഘട്ടമാണ്; ലോകചരിത്രത്തിലെ ഒരു നല്ല അധ്യായം... ഇനിയങ്ങോട്ടൊരു രണ്ടായിരം വർഷത്തേയ്ക്ക് അപ്രതീക്ഷിതമായ സന്ദർഭങ്ങളിൽ മനുഷ്യസമുദായത്തിന് അനുഭവപ്പെടാൻ പോകുന്ന അതുല്യമായ ഒരു സൗരഭ്യമാണ് ഗാന്ധിജി; അതോ കേൾക്കപ്പെടാൻ പോകുന്ന അതുല്യമായ ഒരു ഗാനമോ? (യാ ഇലാഹീ!—1997, പു. 112–3)"

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014